(ഡി) ആരോഗ്യവകുപ്പ് - 307

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 978

ഭാരതീയ ചികിത്സാവകുപ്പ് - 89

ഹോമിയോ വകുപ്പ് - 2

വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

പേപ്പട്ടിയുടെ കടി, പാമ്പുകടി എന്നിവയ്ക്ക് സൗജന്യ കുത്തിവയ്പ്

58 (4861) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ പേപ്പട്ടിയുടെകടി, പാമ്പുകടി എന്നിവ ഏൽക്കുമ്പോൾ നൽകേണ്ട കുത്തിവയ്പ് എ.പി.എൽ.-ബി.പി.എൽ. ഭേദമന്യേ എല്ലാ രോഗികൾക്കും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

സർക്കാർ ആശുപത്രികളിൽ വിതരണംചെയ്യുന്ന എല്ലാ മരുന്നുകളും എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ എല്ലാ രോഗികൾക്കും സൗജന്യമായാണ് നൽകിവരുന്നത്.

ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധന

59 (4862) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) സാമ്പിളുകൾ പരിശോധിക്കുന്നതിന് സർക്കാർ അക്രഡിറ്റേഷനുള്ള സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly